**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**
**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

---

നം: ആ.വ.ഡ/509/2026-ഇ.എൽ1 തീയതി: 13-01-2026

## സർക്കുലർ

വിഷയം:- ആവഡ-ആരോഗ്യ വകുപ്പിൽ 01.01.2022 മുതൽ 31.12.2025 വരെയുള്ള കാലയളവിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത്- സംബന്ധിച്ച്:-

സൂചന:- 1.ഉത്തരവ് നമ്പർ ആ.വ.ഡ/24921/2023/ ഇ.എസ്5 തീയതി 02.08.2024

ആരോഗ്യ വകുപ്പിലെ 01.01.2014 മുതൽ 31.12.2021 വരെയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്2 ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.അതിന്റെ തുടർച്ചയായി 01.01.2022 മുതൽ 31.12.2025 വരെയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് പ്രസ്തുത കാലയളവിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ സേവനവിവരങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം 22.01.2026 തീയതിക്കകം സ്ഥാപന മേധാവികൾക്ക് സമർപ്പിക്കേണ്ടതും , സ്ഥാപന മേധാവികൾ പ്രസ്തുത ജീവനക്കാരുടെ പ്രൊഫോർമ സേവനപുസ്തകവുമായി ഒത്തു നോക്കി വിവരങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തി, സംക്ഷിപ്ത പട്ടിക തയ്യാറാക്കി "ഈ ഓഫീസിൽ ജെ.പി.എച്ച്.എൻ ഗ്രേഡ്2 തസ്തികയിൽ ജോലി ചെയ്യുന്ന ഇക്കാലയളവിലുള്ള എല്ലാ ജീവനക്കാരേയും ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്" എന്ന ആമുഖ കത്തോടുകൂടി പ്രൊഫോർമ, സേവന പുസ്തകം, ബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതം 31.01.2026 തീയതിക്കകം അതതു ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

ജില്ലാ മെഡിക്കൽ ഓഫീസിൽ വിശദമായ പരിശോധന നടത്തി പ്രൊഫോർമകൾ സേവനപുസ്തകവുമായി ഒത്തു നോക്കി സാക്ഷ്യപ്പെടുത്തിയശേഷം ജില്ലയിൽ നിന്നുള്ള പ്രൊഫോർമകൾ എല്ലാംകൂടി സ്വരൂപിച്ച് പ്രസ്തുത ജീവനക്കാരുടെ ജില്ലകളിൽ നിന്നുള്ള പി.എസ്.സി അഡ്വൈസിന്റെ പകർപ്പ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെ മുഴുവൻ പകർപ്പ്, ആശ്രിത നിയമനമെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകൾ, അന്തർജില്ലാ സ്ഥലംമാറ്റം, ദീർഘകാല ശൂന്യവേതനാവധി, 90 ദിവസത്തിൽ കൂടുതലുള്ള ജോയിനിങ്ങ് ടൈം എക്സ്റ്റൻഷൻ, സൂപ്പർന്യൂമററി തസ്തികയിലെ നിയമനം ക്രമീകരിച്ചത് എന്നിവ ഉണ്ടെങ്കിൽ അതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ എന്നിവ സഹിതം 15.02.2026 തീയതിക്കകം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അസ്സൽ സഹിതം സമർപ്പിക്കേണ്ടതാണ്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള എക്സൽ ഷീറ്റിൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആയത് elsectiondhs@gmail.com എന്ന ഇ.മെയിൽ വിലാസത്തിൽ

സമർപ്പിക്കേണ്ടതാണ്. എക്സൽ ഷീറ്റിൽ ഒരു മാതൃക നൽകിയിട്ടുണ്ട്. ടി മാതൃകയും ഫോർമാറ്റും കൃത്യമായി പാലിക്കേണ്ടതാണ്.

Signed by Jayachandran
Nair T K
Date: 13-01-2026 17:01:05
JUNIOR SUPERINTENDENT

സ്വീകർത്താവ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ( ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
   (ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ എല്ലാ കീഴ് സ്ഥാപനങ്ങൾക്കും
   സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്ന വിവരം ഇമെയിൽ
   മുഖാന്തിരം അറിയിക്കേണ്ടതാണ്. )